## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4535** **06-03-2023 - ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ സേവന വേതന വ്യവസ്ഥകൾ എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത സംഘങ്ങളിൽ അവസാനമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് എന്നാണെന്നും വ്യക്തമാക്കാമോ; | (എ) | 29/06/2006 ലെ സ.ഉ. (അച്ചടി)നം 124/2006/സഹ ഉത്തരവ് പ്രകാരമാണ് 2006 -ൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ സേവന വേതന വ്യവസ്ഥകൾ നിലവിൽ വന്നത് ടി വർഷം മുതൽക്കു തന്നെ ടി ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br>ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ 187 സംഘങ്ങൾ ക്ലാസിഫൈ ചെയ്യുകയും അതിൽ 99 സംഘങ്ങളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ച് 2006 ലെ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത സംഘങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. 10/02/2016 ലെ സ.ഉ. (സാധാ) നം. 102/16/ മ.ഉ.വ പ്രകാരം പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും അലവൻസുകളും പുതുക്കി നിശ്ചയിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ തീരുമാന പ്രകാരം അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബി1/160/2018/മ.ഉ.വ നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഫയൽ സഹകരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയത് സഹകരണ വകുപ്പിന്റെ ബി1/44/2023-സഹ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് സഹകരണ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലുകൾ | (സി) | ഉണ്ട്. 10/02/2016 ലെ സ.ഉ. (സാധാ) നം. 102/16/ മ.ഉ.വ പ്രകാരം പ്രാഥമിക മത്സ്യ സഹകരണ |

| | | | |
|---|---|---|---|
| | ഏതെല്ലാമെന്നും പ്രസ്തുത ഫയലുകളിന്മേൽ സ്വീകരിച്ച നടപടി എന്തെന്നും വിശദമാക്കാമോ? | | സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും അലവൻസുകളും പുതുക്കി നിശ്ചയിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ തീരുമാന പ്രകാരം അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബി1/160/2018/മ.ഇ.വ നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഫയൽ സഹകരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയത് സഹകരണ വകുപ്പിന്റെ ബി1/44/2023-സഹ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ